**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** **17-09-2025 - ൽ മറുപടിയ്ക്ക്**

**കയർ, മത്സ്യവിഭവങ്ങൾ, നാണ്യവിള എന്നിവയുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അമേരിക്കൻ തീരുവ വർദ്ധനവിൽ കയർ, മത്സ്യവിഭവങ്ങൾ, നാണ്യവിള എന്നിവയുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | **(എ)** അമേരിക്കൻ തീരുവ വർദ്ധനവിൽ കയർ, മത്സ്യവിഭവങ്ങൾ, നാണ്യവിള എന്നിവയുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് .<br><br>സംസ്ഥാനത്തെ വിവിധ മേഖലയിലെ കയറ്റുമതി ചെയ്യുന്ന സംരംഭകരുടെ ഒരു യോഗം 11.08.2025 തീയതിയിൽ എറണാകുളത്ത് വച്ച് ചേർന്നിരുന്നു. ടി യോഗത്തിൽ അമേരിക്കൻ തീരുവ വർദ്ധനവിന്റെ ഭാഗമായി കേരളത്തിലെ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു .<br><br>അമേരിക്കൻ തീരുവ വർദ്ധനവിൽ കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പാങ്ങോട് ഡിഫൻസ് കാന്റീനിൽ കയർ ഉൽപ്പന്നങ്ങളുടെ വിശാലമായ ഷോറൂമുകൾ ആരംഭിക്കുകയും, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഡിഫൻസ് കാന്റീനുകളിൽ ഷോറൂമുകൾ സ്ഥാപിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ ഇന്ത്യയിൽ എമ്പാടുമുള്ള റീടെയ്ൽ ചെയിൻ നെറ്റവർക്ക് സ്ഥാപനങ്ങൾ, ഹോൾസെയിലേഴ്സ്, എന്നിവരുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യുഎസ്എ അല്ലാതെ യൂറോപ്പ്, ആസ്ട്രേലിയ, ഏഷ്യൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, ബ്രസീൽ, എന്നിവിടങ്ങളിലേക്ക് കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള buyer,buying agent എന്നിവരെ |

കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാത്രമല്ല വിവിധ ഓൺലൈൻ പ്ലാറ്റ് ഫോം മുഖാന്തിരം കയർ ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള ശ്രമങ്ങളും നടത്തിവരുന്നു.

സമുദ്ര മേഖലയെ സംബന്ധിച്ചിടത്തോളം, നയപരമായ പരിപാടികൾ സംസ്ഥാനടിസ്ഥാനത്തിലുള്ളതല്ല, അമേരിക്ക ചുമത്തിയ പരസ്പര തീരുവ കാരണം ഉണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചുവടെ പറയുന്ന ലഘൂകരണ നടപടികൾ MPEDA (Marine Products Exports Development Authority) നടത്തുവാൻ പരിഗണിക്കുന്നു .

1) നിലവിലുള്ള വിപണികൾ ആഴത്തിലാക്കുക (Intensification of Existing Market Penetration) നിലവിലുള്ള 130 രാജ്യങ്ങളിലെ ഇന്ത്യൻ സമുദ്രോത്പന്ന വിഹിതം വർദ്ധിപ്പിക്കുക.

2 )റിവേഴ്സ് buyer-seller കൂടിക്കാഴ്ചയും buyer-seller കൂടിക്കാഴ്ചയും നടത്തുക .

3) ചൈന, യൂറോപ്യൻ യൂണിയൻ, ഓസ്ട്രേലിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ സാധ്യതയുള്ള വിപണികളിലേക്കുള്ള വ്യാപാര പ്രതിനിധി സംഘത്തെ വർദ്ധിപ്പിക്കൽ.

4)യൂറോപ്യൻ യൂണിയനുമായുള്ള ദ്രുത ഗതിയിലുള്ള ഉഭയകക്ഷി ചർച്ചകളും നിലവിലുള്ള വ്യാപാര കരാറുകളുടെ അവലോകനവും.

5) റഷ്യ, സൗദി അറേബ്യ ,വിയറ്റ്നാം എന്നിവിടങ്ങളിലെ സമുദ്രോത്പന്ന സംസ്കരണ യൂണിറ്റുകൾ ലിസ്റ്റ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ.

6) ഫിഷറീസ് മന്ത്രാലയത്തിന്റെയും എം.പി.ഇ.ഡി.എ. യുടെയും നിരന്തര നടപടികളുടെ ഫലമായി, യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിലേക്ക് ഇന്ത്യയുടെ സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 102 അധിക മത്സ്യബന്ധന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ.

7)വിദേശങ്ങളിലെ പ്രധാന സമുദ്രോത്പന്ന വ്യാപാര മേളകളിൽ പങ്കാളിത്തം.

കയറ്റുമതി വൈവിധ്യവത്കരണം, മറ്റു രാജ്യാന്തര വിപണികൾ കണ്ടെത്തുക, ആഭ്യന്തര വിപണി കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കയറ്റുമതി മേഖലയെ സഹായിക്കാൻ ആവശ്യമായ

| | | | |
|---|---|---|---|
| | | | ശിപാർശകൾ നൽകാൻ കൃഷി വകുപ്പിലെ കയറ്റുമതി പ്രോത്സാഹന ഏജൻസികളായ വി.എഫ്.പി.സി.കെ, കാബ്കോ തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന എത്ര സൊസൈറ്റികൾ, ചെറുകിട യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | **(ബി)**സൊസൈറ്റികൾ നേരിട്ട് കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല. കയർ കോർപ്പറേഷൻ മുഖേനയും കയറ്റുമതിക്കാർ മുഖേനയും അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തീരുവ വർദ്ധനവിനുശേഷം എത്ര ഓർഡറുകളാണ് നിരസിച്ചതെന്നും നിർമ്മാണം പൂർത്തിയായ എത്ര ഉൽപ്പന്നങ്ങളാണ് തടഞ്ഞ് വച്ചിരിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | **(സി)** തീരുവ വർദ്ധനവിനുശേഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഏകദേശം 4 കോടി രൂപയുടെ ഓർഡറുകൾ നിരസിച്ചിട്ടുണ്ട്. കൂടാതെ KSIDC നൽകിയ കണക്കുകൾ പ്രകാരം കയർ മേഖലയിലുള്ള കയറ്റുമതി സ്ഥാപനങ്ങൾക്ക് ഏകദേശം 136 കോടി രൂപയുടെ ഓർഡറുകളുടെ ലഭ്യതക്കുറവും, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ കയർ എക്സ്പോർട്ടേഴ്സ് നൽകിയ കണക്കുകൾ പ്രകാരം ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദ ത്രൈമാസ കാലയളവിൽ 150 കോടി രൂപയുടെ ഓർഡറുകളുടെ ലഭ്യതകുറവും ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ